# മാസ്റ്റർ പ്ലാൻ



# സുദർശനം

എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ
കറുകച്ചാൽ

## ഉള്ളടക്കം


1. അടിസ്ഥാനവിവരങ്ങൾ ............................................ 4
2. ആമുഖം ............................................ 6
3. പൊതുലക്ഷ്യങ്ങൾ ............................................ 8
4. ആക്കാദമിക് മാസ്റ്റർ പ്ലാൻ ............................................ 14
5. ഉപസംഹാരം ............................................ 43

## അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലത്തിന്റെ പേര് | : | എൻ.എസ്.എസ്. ഹയർസെക്കണ്ടറി |
| ഉപജില്ല | : | കറുകച്ചാൽ |
| ജില്ല | : | കോട്ടയം |
| വർഷം | : | [illegible] |

# ആമുഖം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിൽ കറുകച്ചാൽ ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയമാണ് എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ. സമുദായാചാര്യൻ മന്നത്തുപദ്മനാഭന്റെ പാദസ്പർശം ഏറ്റതും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിതമായതുമായ വിദ്യാലയമാണ് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂൾ കറുകച്ചാൽ. നായർ സർവ്വീസ് സൊസൈറ്റിയുടെ ആദ്യത്തെ വിദ്യാലയമാണ്. 1916 മെയ് മാസം 29-ാം തീയതി തിങ്കളാഴ്ച്ചയാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ. കെ. കേളപ്പനായിരുന്നു ഈ സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ. ശ്രീ. നടമേൽ ഇരവിക്കുറുപ്പും കുന്നപ്പള്ളി നാരായണൻ നായരും കൂടി സംഭാവന ചെയ്ത 87 ഏക്കർ പുരയിടത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

14 വർഷം മിഡിൽ സ്കൂളായി പ്രവർത്തിച്ച ശേഷം 1930 ൽ ആണ് ഹൈസ്കൂളായി ഉയർത്തിത്. ഹയർസെക്കണ്ടറിയുടെ പ്രവർത്തനം ആരംഭിച്ചത് 1998 ൽ ആണ് യു.പി. വിഭാഗത്തിൽ 6 ഡിവിഷനും, ഹൈസ്കൂളിൽ 6 ഡിവിഷനും ഹയർസെക്കണ്ടറി വിഭാഗത്തിൽ 14 ബാച്ചുകളും ഉണ്ട്. ശ്രീ. [illegible] ആണ് ഇപ്പോഴത്തെ പ്രിൻസിപ്പാൾ. ശ്രീ.എൻ. ബിജുകുമാർ ആണ് ഹെഡ്മാസ്റ്റർ. സാധാരണക്കാരായ രക്ഷകർത്താക്കളുടെ കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിന് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. ഹയർസെക്കണ്ടറി പരീക്ഷയിൽ [illegible] നേടാൻ സാധിച്ചിട്ടുണ്ട്.

സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ പ്രഗത്ഭരായിട്ടുള്ള ആളുകൾ ഈ സ്ഥാപനത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ആയിരുന്നു എന്നത് എന്നും അഭിമാനിക്കാവുന്ന ഒന്നാണ്.

ഈ സ്കൂളിൽ പലതരത്തിവുള്ള പാഠ്യേതര പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഈ സ്കൂളിലെ സയൻസ്, ഗണിതം, ഐ.റ്റി, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ ക്ലബ്ബുകൾ സജീവമാണ്. ഇവയുടെ നേതൃത്വത്തിൽ മേളകളും ക്വിസുകളും സംഘടിപ്പിക്കാറുണ്ട്. ഈ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സയൻസ്, ഗണിതം, സാമൂഹ്യശാസ്ത്രം ഇവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കലാ കായിക മത്സരങ്ങളിലും ഈ സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം കാഴ്ച്ച വയ്ക്കുന്നു. എൻ.എം.എം.എസ്., യു.എസ്.എസ്., പരീക്ഷകൾക്ക് പ്രത്യേക കോച്ചിംഗ് സ്കൂളിൽ നൽകുന്നുണ്ട് എൻ.എം.എസ്. പരീക്ഷയിൽ ഈ സ്കൂളിലെ ഒരു കുട്ടി സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. പത്താം ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെ 8-45 മുതലും വൈകിട്ട് 4.30 വരെയും ക്ലാസ്സ് എടുക്കുന്നുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകു വരുന്നു. എൻ.സി. സി, ലിറ്റിൽ കൈറ്റ്സ്, നാഷണൽ സർവ്വീസ് സ്കീം ഇവയുടെ പ്രവർത്തനങ്ങൾ ഈ സ്കൂളിൽ ഭംഗിയായി നടക്കുന്നു. കുട്ടികൾക്കായുള്ള ഉച്ചഭക്ഷണ പരിപാടി നല്ല രീതിയിൽ ഈ സ്കൂളിൽ നടക്കുന്നുണ്ട്. ഈ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ പൂർവ്വാധികം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പരിസര ശുചീകരണം കാടുകൾ വെട്ടിത്തെളിക്കൽ, കിണർ വൃത്തിയാക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, മാലിന്യ യഥാസ്ഥാനത്ത് നിക്ഷേപിക്കൽ എന്നീ കാര്യങ്ങളിൽ ഈ സ്കൂളിൽ ഭാരവാഹികൾ വളരെയേറെ ശ്രദ്ധ പുലർത്തുന്നുണ്ട്.സ്കൂളിന് സ്വന്തമായി ഒരു വാഹനവും ഉണ്ട് ഈ അധ്യായന വർഷം കുട്ടികൾക്ക് പുതിയ യൂണിഫോം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട സഹായം ചെയ്തു വരുന്നുണ്ട്. 2023-24 അധ്യയനവർഷത്തിൽ ആരംഭിച്ച "Wall ofLove" എന്ന പദ്ധതി വിജയകരമായി ഈ വർഷവും നടന്നു വരുന്നു.ഇതിലൂടെ കുട്ടികളിൽ സാഹോദര്യം, സഹവർത്തിത്വം, സ്നേഹം, അനുകമ്പ എന്നീ ഗുണങ്ങൾ എത്തിച്ചേരുവാൻ പ്രേരകമാകുന്നു.സ്കൂളിന്റെ പി.ടി.എ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്.സ്കൂൾ ലൈബ്രറി,ഹൈടെക് ക്ലാസ് റൂമുകൾ, സയൻസ് ലാബ് ഇവ വേണ്ടവിധത്തിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ കാര്യപദ്ധതിയുടെ ലക്ഷ്യം കൈവരിക്കൽ.
- ☆ ഭാഷാപരമായ നയപുണ്യം നേടൽ.
- ☆ ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി ഇവ പ്രയോജനപ്പെടുത്തുന്നു.
- ☆ ഹൈടെക് ക്ലാസുകൾ ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- ☆ CWSN കുട്ടികൾക്കായി റിസോഴ്സ് ട്രെയിനിങ്.
- ☆ ജൈവവൈവിധ്യ പാർക്ക്.
- ☆ കലാപരവും കായികപരവുമായ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ☆ പ്രവർത്തനങ്ങളെ ഹ്രസ്വകാലം,മധ്യകാലം,ദീർഘകാലം എന്നിങ്ങനെ തരംതിരിക്കുന്നു.
- ☆ പരിസ്ഥിതി ബോധം വളർത്തുന്ന പ്രവർത്തനങ്ങൾ.

## പ്രശ്നങ്ങൾ

പി.ടി.എ മീറ്റിങ്ങുകളിൽ അധ്യാപകർ രക്ഷിതാക്കൾക്ക് വേണ്ടത്ര നിർദ്ദേശം നൽകുന്നുണ്ട്.കുട്ടികൾ കൃത്യമായി ക്ലാസിൽ ഹാജരാക്കാത്തതും വീടുകളിലെ അശാന്തി നിറഞ്ഞ അന്തരീക്ഷവും കുട്ടികൾ നേരിടേണ്ടി വരുന്ന മറ്റു പ്രശ്നങ്ങളും ഈ സ്കൂൾ നേരിടുന്ന പ്രശ്നങ്ങളാണ്.പി.ടി.എ എക്സിക്യൂട്ടീവ് അംഗങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഭവന സന്ദർശനവും ബോധവൽക്കരണവും അധ്യാപകർ നടത്തുന്നു.

കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല.ഇത് പഠനത്തെ കാര്യമായി ബാധിക്കുന്നു. പത്താം തരത്തിൽ പഠിച്ചിറങ്ങുന്ന കുട്ടികൾ എഴുതാനും വായിക്കാനും ചതുഷ്ക്രിയകൾ ചെയ്യാനും അറിവുള്ളവരാകാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. എഴുതുവാനും വായിക്കുവാനും സ്വന്തമായി ആശയങ്ങൾ ഉള്ളതുമായ ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. അതിലൂന്നിയ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പരിസ്ഥിതി ബോധവും സംസ്കാരവും ഉള്ള ഒരു തലമുറ വളർന്നു വരണം.

## Social Support

1. Local Karayogam
2. Taluk, Union
3. Social development council
4. Grama Panchayath, Karukachal
5. Krishi Bhawan
6. Karukachal Committee Health Care

## Students

| Class | Girls | Boys | Total |
|---|---|---|---|
| V | 19 | 22 | 41 |
| VI | 17 | 20 | 37 |
| VII | 16 | 24 | 40 |
| VIII | 0 | 51 | 51 |
| IX | 0 | 53 | 53 |
| X | 0 | 55 | 55 |
| XI | | | |
| XII | | | |

## Public Examination Results

| Year | HS | HSS |
|---|---|---|
| 2019 | 100 | |
| 2020 | 100 | |
| 2021 | 100 | |
| 2022 | 100 | |
| 2023 | 100 | |
| 2024 | 100 | |

# സമഗ്ര ഗുണമേന്മ പദ്ധതി

ലക്ഷ്യം – ലഹരിക്കെതിരെയുള്ള പ്രതിരോധം, ട്രാഫിക് നിയമങ്ങൾ, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യ ശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നീ മേഖലകളിൽ കുട്ടികളിൽ അവബോധം ഉണ്ടാക്കുക.

പ്രവർത്തനങ്ങൾ

1. ലഹരിക്കെതിരെയുള്ള പ്രതിരോധം
   സ്കിറ്റ്, പോസ്റ്റർ നിർമ്മാണം, ലഘു കവിത, കഥ
   (വിഷയം – ലഹരി വിമുക്ത നാട്)
2. ട്രാഫിക് നിയമങ്ങൾ
   ഡിജിറ്റൽ പ്രസന്റേഷൻ (റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ) , സിഗ്നൽ മോഡൽ തയ്യാറാക്കൽ, ട്രാഫിക് ചിഹ്ന നിർമ്മാണം.
3. ശുചിത്വം മാലിന്യ സംസ്കരണം
   സ്കൂൾ സൗന്ദര്യവൽക്കരണം, സ്കിറ്റ് (A day without hygiene), ശുചിത്വശീലങ്ങൾ പട്ടികപ്പെടുത്തൽ, ഹരിത കോർണർ നിർമ്മാണം.
4. ആരോഗ്യ ശീലങ്ങൾ
   യോഗ, മെഡിറ്റേഷൻ, പോസ്റ്റർ രചന
5. ഡിജിറ്റൽ അച്ചടക്കം
   പോസ്റ്റർ നിർമ്മാണം, സംവാദം, പ്രതിജ്ഞ എഴുതുക
6. പൊതുമുതൽ സംരക്ഷണം
   നോട്ടീസ്, ലഘുലേഖ, റോൾപ്ലേ
7. പരസ്പര സഹകരണം
   നാടകം, ക്ലാസ് റൂം സൗന്ദര്യവൽക്കരണം

# യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനീ നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | **ഭാഷാ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 3.സാഹിത്യകൃതികളോടും സാഹിത്യ കാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | **വാർത്താലോകത്തേക്ക്**<br>പത്രം,ആഴ്ചപതിപ്പ്,മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധിവളർത്തുകയും ചെയ്യുന്നു.അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരങ്ങൾ നടത്തുന്നു. | എല്ലാദിവസവും<br>ഓരോ ടേമിലും | മലയാളം അധ്യാപകർ | |
| വഴി കുട്ടികളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ,എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് തവണ | മലയാളം അധ്യാപകർ | |
| 4. മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | **ഇ.കമ്പ്യൂട്ടറിങ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിങ് പരിശീലിപ്പിക്കുന്നു | ആഴ്ചയിൽ രണ്ട് പീരിയഡ് എന്ന ക്രമത്തിൽ ഒരു വർഷം അക്കാദമിക്ക് വർഷം | മലയാളം,<br>ഐ.ടി അധ്യാപകർ | |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. വിശേഷ ദിനങ്ങളും ദിനാചര ണങ്ങളുമായി ബന്ധപ്പെട്ട പരിപാടികളും അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് ഉണ്ടാക്കിക്കൊടു ക്കുന്നു. | ആഴ്ചയിൽ രണ്ട് പീരിയഡ് എന്ന ക്രമത്തിൽ ഒരു വർഷം അക്കാദമിക്ക് വർഷം | മലയാളം,<br>ഐ.ടി അധ്യാപകർ | |

# English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Follow Me If You Can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Missing Man**<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Reader of the month**<br>ഇംഗ്ലീഷ് ദിനപാത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Lend your Ear**<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can!!**<br>വ്യത്യസ്ത തലങ്ങളിൽ വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Treasure Hunt**<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്ന.വസ്തു എന്തെന്നും മറ്റു കുട്ടികൾ തിരിച്ചറിയുന്നു പോയിന്റ് നൽകുന്നു. | ഓഗസ്റ്റ് | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Leading Ladder**<br>പാഠഭാഗത്തുനിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാറ്റിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് ഉത്തരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **Fun Time Funda**<br>കടങ്കഥകൾ,കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | | |
| | **One Man Show**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | **Breaking News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | നവംബർ | | |
| | **Run Baby Run**<br>ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുത്തി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങ | ഫെബ്രുവരി | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>The Grand Iymrv<br><br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്.ആറിന് റോൾപ്ലേ. ഏഴാം ക്ലാസിന് പ്രസംഗം തുടങ്ങിയവ ഒടുവിൽ ഡോക്യുമെന്ററി ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ<br>പി.ടി.എ ഭാരവാഹികൾ<br>രക്ഷിതാക്കൾ | |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭി ക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാ നും അക്ഷരങ്ങ ളെ പരിചയപ്പെടു വാനും അവസരം ഒരുക്കുക പഠിപ്പി ച്ചു എടുക്കുക. | പുതിയ പദങ്ങൾ,പദങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണി ക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | |
| 2. ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കാ നുള്ള അവസരം ഉണ്ടാകും | നിരന്തരം പുസ്തകം വായിച്ചു കേൾ പ്പിച്ചു വായനയിലേക്ക് ആകർഷിപ്പി ക്കും ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി (ഹിന്ദിയിൽ സബ്ടൈറ്റിൽ ഉള്ളവ) കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | |
| 3. ഹിന്ദി സംസാരം ഹിന്ദി സംസാരി ക്കുവാനുള്ള കഴിവുണ്ടാക്കി യെടുക്കും. നിത്യ ജീവിതത്തിൽ അത്യാവശ്യം വരു ന്നത് ഹിന്ദിയിൽ സംസാരിക്കുവാ നുള്ള ഭാഷ പരിച യപ്പെടുത്തും. | ക്ലാസ്സിൽ ഹിന്ദിയുടെ അന്തരീക്ഷം ഉണ്ടാക്കും.കുട്ടികളുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ക്ലാസിൽ ഹിന്ദി ഭാഷ കേൾക്കുന്നതിനുള്ള അവസരം ഉണ്ടാക്കും വായന മത്സരങ്ങൾ നടത്തും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ വിദ്യാർത്ഥികൾ | |
| 4. ആഴ്ചയിലെ വാക്ക് വാക്കുകളെ പരിചയപ്പെടുവാ നുള്ള പരിശീലനം | ഓരോ ആഴ്ചയും നിത്യജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടുത്തുന്നു. | ജൂൺ | ഹിന്ദി അദ്ധ്യാപകൻ ഹിന്ദി ക്ലബ് | |
| 5. ഹിന്ദി കലോത്സവം ഹിന്ദി വാരാഘോ ഷത്തോടനുബ ന്ധിച്ച് ഹിന്ദി കലോത്സവം സംഘടിപ്പിക്കുന്നു. | ഹിന്ദി കലോത്സവത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പി ക്കാനുള്ള അവസരം | സെപ്റ്റംബർ | ഹിന്ദി ക്ലബ് ഹിന്ദി അദ്ധ്യാപകൻ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. ഹിന്ദി വർക്ക്ഷീറ്റ് ഹിന്ദി വർക്ക് ഷീറ്റ് ഉപയോഗം, നിർമ്മാണം എന്നിവ പരിചയപ്പെടുത്തുന്നു. | ഒന്നാം ടേം മൂല്യനിർണയം കഴിഞ്ഞ് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വർക്ക് ഷീറ്റ് തയ്യാറാക്കി കൊടുക്കുന്നു. ഫീഡ്ബാക്ക് SRG യിൽ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപകൻ | |
| 7. ഹിന്ദി കൈയ്യെഴുത്ത് മാഗസിൻ കുട്ടികൾക്ക് അവരുടെ മികവുകൾ ഹിന്ദി ഭാഷയിൽ അവതരിപ്പിക്കുവാനുള്ള അവസരം | ജൂൺ മുതൽ ജനുവരി വരെ കുട്ടികൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ ഒരു മികച്ച കയ്യെഴുത്ത് മാസികയായി പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ ജനുവരി വരെ | ഹിന്ദി ക്ലബ്ബ്, ഹിന്ദി അധ്യാപകൻ, പ്രധാന അധ്യാപകൻ | |

# യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ സ്ഥലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭാ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ ക്കുറിച്ചും, ക്രിമിന ൽ പ്രവർത്തനങ്ങ ളെക്കുറിച്ചും, റോഡ് സുരക്ഷ യെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാ ക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമു ഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗ സ്ഥരുടെയും ട്രാഫിക് പോലീസി ന്റെയും സഹായത്തോടെ കുട്ടികൾ ക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽ ക്കരണ ക്ലാസുകൾ സംഘടിപ്പിക്കു ന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7. സുസ്ഥിര വികസന കാഴ്ച പ്പാട് രൂപപ്പെടു ത്തുന്നു. | കാടെവിടെ മക്കളെ<br>പരിസ്ഥിതി പച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേ യമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയ ങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8. സുസ്ഥിര വികസന കാഴ്ച പ്പാട് രൂപപ്പെടു ത്തുന്നു. | കാടെവിടെ മക്കളെ<br>പരിസ്ഥിതി പച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേ യമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയ ങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐസിടിയുടെ സാധ്യത പ്രയോജ നപ്പെടുത്തുന്നു | ICT വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് SRG യിൽ ചർച്ച. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യ ചിന്ത സാമൂഹ്യബോധം സാമൂഹ്യ ശാസ്ത്രവിഷകന് ശേഷി അന്വേഷണ ബുദ്ധി എന്നിവ എല്ലാ കുട്ടികളിലും ആർജിക്കുക | ക്ഷേത്രോത്സവങ്ങൾ ആഘോഷ പൂർവ്വം കൊണ്ടാടുന്ന വിവിധ മതസ്ഥരുടെ കൂട്ടായ്മാ സന്ദർശനം. ക്രിസ്തുമസ് ആഘോഷിക്കുന്ന വിവിധ മതക്കാരുടെ ചിത്രങ്ങൾ, ചരിത്രകാരന്മാരുടെ ചിത്രങ്ങൾ,മഹത് വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണ മായ ഭൂപടവായന ക്രമീകരിക്കുന്നു. | അറ്റ്ലസ്, ഗ്ലോബുകൾ എന്നിവ ആകർഷകമായ രീതിയിൽ ക്രമീകരിക്കൽ കേരളം, ഇന്ത്യ, ലോക ഭൂപടം പരിചയപ്പെടുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| അർത്ഥപൂർണ്ണ മായ ഭൂപടവായന ക്രമീകരിക്കുന്നു. | ലഹരി വിരുദ്ധ മനോഭാവം മദ്യം, പുകയില, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നു എന്ന തിരിച്ചറിവ് കുട്ടികൾക്ക് നൽകുന്നു. പ്രത്യേക അക്കാദമിക കലണ്ടർ തയ്യാറാക്കൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# യു.പി. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | വംശനാശ - ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം പരിസര നിരീക്ഷണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്ന. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | | |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈന്റ്** ഹെൽത്ത് ക്ലബ്ബ്,ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| | **എക്സ്പ്ലോ - എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തിലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്ര പഠനഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ് ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **യുറേക്ക** കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | | | |
| 3.ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായിപ്രയോജനപ്പെടുത്തുക പ്രവർത്തനങ്ങൾ. | **വിസ്മയ യാത്ര** ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | പുതിയ പദങ്ങൾ, പദങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | പി.ടി.എ |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കുന്നു. | ആവശ്യാനുസരണം | അദ്ധ്യാപകരും ഗണിത ക്ലബ്ബിലെ കുട്ടികളും | |
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യത ജാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | |
| 5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുന്നോക്കം നിൽക്കുന്ന കുട്ടികളും ചേർന്ന് പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 6. വിവിധശേഷികളുടെ വികാസം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S R G യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S R G | |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷര ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ടുമാസം (ആഗസ്റ്റ്, സെപ്റ്റംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക പ്രവർത്തനങ്ങൾ | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായന കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, - കമ്പ്യൂട്ടർ ഇന്റർനെറ്റ് | പിടിഎ അദ്ധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തു കൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്,പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ, പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം<br>10. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ പുസ്തകങ്ങൾ | പിടിഎ അദ്ധ്യാപകൻ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4 സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1 പ്രസംഗ പരിശീലന കളരി<br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4 പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | ആറുമാസം (ജൂലൈ ഡിസംബർ) | ഓഡിയോ വീഡിയോ | ട്രെയിനർ അദ്ധ്യാപകർ |

# ENGLISH

| AIM | ACTIVITIES | PERIOD | AUTHORITY | FINANCE |
|---|---|---|---|---|
| To communicate fluently in English | Spoken english class<br>English library<br>English corner story time<br>English cartoon exhibition<br>English Assembly | During vacation | PTA, English Teachers | PTA, Teachers |
| To create an affinity towards English language | Preparation of cinema and documentary preparation of profile and script Role play,seminar,debate etc | In connection with classroom activities June - February | English Teachers SRG | English club, Teachers |
| To improve reading habits | Improving learners reading habits by reading English newspapers, magazines,etc News reading competition, public speaking, School English voice,story reading,diary writing news reading in assembly | Activities in the classroom July - December June - March | English Teachers SRG | English club, PTA, Teachers |
| To improve the writing skill | Preparation of discourses like Letter, Diary,Conversation,Write up, preparation of class magazines. | June - March | | English club |

| AIM | ACTIVITIES | PERIOD | AUTHORITY | FINANCE |
|---|---|---|---|---|
| To dramatize English language | Skit, Puppet Show, English Assembly, English Lab | Classroom activities June-March | English Teacher | English Club, PTA |
| To enrich their creative skills by writing poems and stories | Hearing audio clips conducting story writing and a poem writing competition conducting interviews with famous poets and writers Book reviews | Classroom activities July - February | English Teacher | SRG, PTA |
| To create an affinity towards English language. | Formation of English club, exhibiting 5 words daily in flash card model,formation of puzzles and riddles. | Classroom activities July - February | English Teacher | SRG, PTA |
| To enrich the vocabulary. | Spelling competition conducting dictation greeting card preparation, profile writing. | June-December | English Teacher | SRG, PTA |
| To Familiarize students the received pronounciation. To improve English pronounciation | Familiarize the students the worldwide accepted English pronounciation using video and audio clips | Saturdays June-March | English Teacher | SRG |
| To create awareness in the mind of the general public that our schools are not far behind English medium schools as far as the teaching of English is concerned. | Making seminars,posters etc: Carnival<br>Conducting Exhibition of medicinal plants,Supermarket for interacting with public.<br>Still model exhibition nature festivals,mother trees,proverb, Presenting choreography. | June-March | English Teacher | SRG |

## മേഖല HS ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ കവിത, വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ | |
| 2. മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ,സിനിമകൾ എന്നിവ കാണുവാനുള്ള അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ | |
| 3. വിവർത്തകർ, വാർത്താവായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക. വിവിധ സാഹിത്യകാരന്മാരുമായുള്ള അഭിമുഖത്തിന് അവസരം ഒരുക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ, പിടിഎ | |
| 4. ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം. | ഹിന്ദി ഡോക്യുമെന്ററി, സിനിമ എന്നിവ കാണുവാനുള്ള അവസരം ഉണ്ടാക്കുക. ഹിന്ദി വാർത്ത,കവിത എന്നിവ കേൾക്കുവാനുള്ള അവസരം. | അക്കാദമിക വർഷം | ഹിന്ദി ക്ലബ്,ഹിന്ദി അദ്ധ്യാപകർ | |
| 5. ഹിന്ദിയിൽ എഴുതുവാനുള്ള കഴിവ് ഉണ്ടാക്കുക എന്റെ ഡയറി | 7 മുതൽ 10 വരെയുള്ള കുട്ടികളെ ക്കൊണ്ട് എല്ലാ ദിവസവും ഡയറി എഴുതിക്കുക. | അക്കാദമിക വർഷം | കുട്ടികൾ, ഹിന്ദി അദ്ധ്യാപകർ | |
| 6. ഹിന്ദി അസംബ്ലി കുട്ടികൾക്ക് ഭാഷ ഉപയോഗിക്കുന്നതിനുള്ള അവസരം. | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തുക. വാർത്താവായന,ചിന്താവിഷയം എന്നിവ അവതരിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി ക്ലബ്ബ്, അദ്ധ്യാപകർ | |
| ഹിന്ദി ലൈബ്രറി കുട്ടികൾക്ക് ഹിന്ദി സാഹിത്യാഭിരുചി ഉണ്ടാക്കുക | ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് പുസ്തക ശേഖരണം നടത്തുക. വായനക്കുറിപ്പ് തയ്യാറാക്കുക. വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി പ്രശ്നോത്തരി സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ഹിന്ദി ക്ലബ്ബ്, കുട്ടികൾ, അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി വർക്ക് ഷീറ്റ് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുമ്പോട്ട് കൊണ്ടുവരിക | ഓരോ ടേം മൂല്യനിർണയം കഴിയുമ്പോഴും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി കൊടുക്കുക ഫീഡ്ബാക്ക് വിലയിരുത്തുക | സെപ്റ്റംബർ, ജനുവരി | അദ്ധ്യാപകൻ, പ്രഥമ അദ്ധ്യാപകൻ, രക്ഷിതാവ് | |
| ഹിന്ദി കയ്യെഴുത്ത് മാസിക കുട്ടികളുടെ സാഹിത്യ സൃഷ്ടികളെ പ്രദർശിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരം | ജൂൺ മുതൽ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഉത്പന്നങ്ങളെ ഉൾപ്പെടുത്തി ഒരു കൈയെഴുത്ത് മാസിക തയ്യാറാക്കി പ്രദർശനം നടത്തുക. | ജൂൺ-ജനുവരി | അദ്ധ്യാപകർ, ഹിന്ദി ക്ലബ്ബ്, പ്രഥമ അദ്ധ്യാപകൻ, പിടിഎ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ– സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും മേടും<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>വയൽകിളികൾ<br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം (ജൂൺ - മാർച്ച് )മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായിനമ്മൾ<br>സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ - നിരീക്ഷണം വളർത്തുക. | ഒന്നായിനമ്മൾ<br>സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക,സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രമുറങ്ങുന്ന മണ്ണിലൂടെ<br>സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ/മാർച്ച് (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായകമാകുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു അറ്റ്ലസ്, മാപ്പുകൾ, ബ്ലോഗ് എന്നിവ പരിചിതമാകുന്നു. | വർഷം മുഴുവൻ (ജൂൺ - മാർച്ച്) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6 കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം പ്രോജക്ക് റൂം എച്ച്<br>സിനിമ (ചരിത്ര സിനിമ പ്രദർശനം ) | അക്കാദമിക വർഷം മുഴുവൻ (ജൂൺ - മാർച്ച്) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 7. വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും കാടുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബ് നവീകരിക്കൽ | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കുന്നു ലബോറട്ടറി വിപുലീകരിക്കുന്നു | ഒരു പ്രാവശ്യം | ശാസ്ത്ര അദ്ധ്യാപകർ, സയൻസ് ക്ലബ് | പിടിഎ |
| ശാസ്ത്ര ലോകത്തേക്ക് | കൃഷിസ്ഥലങ്ങൾ, ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ് പരിശീലനം, ഫാക്ടറികൾ, പ്ലാനറ്റോറിയം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശനം. | ജൂൺ - മാർച്ച് | സയൻസ് ക്ലബ് | പിടിഎ |
| മാനവികതയിൽ ഒന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പിടിഎ |
| പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക | സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പിടിഎ |
| പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പിടിഎ |
| | തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ. | ഒരു പ്രാവശ്യം | സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക | സോപ്പ്, സ്ക്വാഷ് തുടങ്ങിയ വിവിധ നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണം | സെപ്റ്റംബർ - നവംബർ | സയൻസ് ക്ലബ് | പിടിഎ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്ര ലൈബ്രറി നവീകരിക്കൽ | ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന പുസ്തകങ്ങൾ ശേഖരിക്കുന്നു മാസികകളും വായനക്കുറിപ്പുകളും ഉൾപ്പെടു ത്തുന്നു | ജൂലൈ - ഫെബ്രുവരി | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്ര ലൈബ്രറി നവീകരിക്കൽ | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ മുതലായവയിൽ പങ്കെടുപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ |

# NSS BHS KARUKACHAL 2025-26

## Academic Master Plan ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലക്ഷ്യം ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3. ഗണിത നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടെമിൽ ഒന്ന് | അദ്ധ്യാപകർ, പിടിഎ | പിടിഎ |
| 4. ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാലകൾ, ക്ലബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ, ഗണിത ക്ലബ്ബ് | പിടിഎ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ, സംഘത്തലവൻ | |
| 6. കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠ സൂത്രണം | അക്കാദമിക വർഷം, തുടർ പ്രവർത്തനം | മുതിർന്ന അദ്ധ്യാപകർ, വിഷയസമിതി കൺവീനർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ. | ഗണിത ഗ്രാമം:- കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | ശനി, മറ്റ് അവധി ദിവസങ്ങൾ | ഗണിത അദ്ധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കാൻ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അദ്ധ്യാപകർ, | പിടിഎ |

# NSS BHS KARUKACHAL 2025-26

## Academic Master Plan ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 9. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ്/ജൂൺ | ക്ലബ്ബ് സെക്രട്ടറി, അദ്ധ്യാപകർ, പിടിഎ | പിടിഎ |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ | എല്ലാ മാസവും | അദ്ധ്യാപകർ, എച്ച് എം, പിടിഎ പ്രസിഡന്റ് | പിടിഎ |

## ഉപസംഹാരം

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് പുതിയ പരിഷ്കാരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും സംരക്ഷിക്കേണ്ടതും കാത്തു സൂക്ഷിക്കേണ്ടതും ഓരോ കേരളീയന്റെയും കടമയാണ്. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ മൂല്യബോധമുള്ള സംസ്കാരസമ്പന്നമായ ഒരു നല്ല നാളെയെ പടുത്തുയർത്താൻ **സുദർശനം** ത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

കറുകച്ചാൽ

ഹെഡ്മാസ്റ്റർ